LIBRARY ARCHIVES Kerala Legislative Assembly

കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർ ഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതലസമിതികൾ 5-7-2021-ലെ ഗവണ്മെന്റ് ഉത്തരവ് G.O. (Rt)No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.*

പാലക്കാട് ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ

248 (1978) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പാലക്കാട് ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തിന് 4.5 MW-ന്റെ കൂടം, 6.5-MW-ന്റെ ചെമ്പുകട്ടി എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ 2015-ൽ സർക്കാർ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്ത് നിർമ്മിക്കുന്ന മറ്റൊരു ചെറുകിട ജല വൈദ്യുത പദ്ധതിയായ പാലക്കുഴി (1 MW) പദ്ധതിയുടെ സിവിൽ വർക്ക് കഴിയാറായിട്ടുണ്ട്, ടർബൈൻ ടെണ്ടർ സ്റ്റേജിലാണ് എന്ന് പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയിൽ നിന്ന് വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി എവിടെയൊക്കെയാണ് സ്ഥല പരിശോധനകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, ആലത്തൂർ, ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകളിലായി ഏകദേശം 95 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നു. കൂടാതെ നിലവിലുള്ള തടയണകളിൽ നിന്നും അണക്കെട്ടിൽ നിന്നും ഒഴുകിവരുന്ന ജലം ഉപയോഗിച്ച് വൈദ്യുതോല്പാദനത്തിനുള്ള അഞ്ചിൽപരം പദ്ധതികളുടെ വിഭാവനവും പര്യവേക്ഷണവും നടന്ന് വരുന്നു. എനർജി മാനേജ്മെന്റ് സെന്റർ കനാലുകളിലെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ പാലക്കാട് ജില്ലയിലെ മലമ്പുഴ, മൂലത്തറ കനാലുകളിൽനിന്ന് തിരഞ്ഞെടുത്ത ഇടത്തിൽ 100 KW-ന്റെ പൈലറ്റ് ഹൈഡ്രോ കൈനറ്റിക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന പൂവ്വർ പഞ്ചായത്ത്, ആനവായിക്കടുത്തുള്ള തടുക്കിയിലെ ആദിവാസി ഊരുകളിൽ കുന്തിപ്പുഴയിലേയ്ക്ക് വരുന്ന അരുവിയിൽനിന്ന് ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കി വൈദ്യുതി എത്തിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇ.എം.സി. ആരംഭിച്ചു.

വൈദ്യുതി കുടിശ്ശിക

249 (1979) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനിക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 30-6-2021-ലെ കണക്കുപ്രകാരം ലോടെൻഷൻ വിഭാഗത്തിൽ നിന്നും 296.09 കോടി രൂപ ലഭിക്കാനുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗങ്ങളിലെ 30-6-2021-ലെ കണക്കനുസരിച്ച് കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ എന്നിവയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നായി 542.4 കോടി രൂപ പിരിഞ്ഞ്കിട്ടാനുണ്ട്.

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ എത്രവീതം കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ലോടെൻഷൻ വിഭാഗത്തിലുള്ള സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ 30-6-2021-ലെ കണക്കുപ്രകാരമുള്ള കുടിശ്ശിക പട്ടികയും എച്ച്.റ്റി., ഇ.എച്ച്.റ്റി. വിഭാഗത്തിന്റെ പട്ടികയും അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.